

# അവസാനത്തെ പൂവ്


ജെയിംസ് തൂർബർ



കേരള ശാസ്ത്രസാഹിത്യ പരിഷത്ത്




ചന്ദ്രണ്ടാം ലോകയുദ്ധം, നിങ്ങൾക്കറിയാം




ലോകസംസ്കാരത്തെ പാടേനശിപ്പിച്ചു




നഗരങ്ങളും ഗ്രാമങ്ങളും ഭൂമുഖത്തുനിന്ന് അപ്രത്യ
ക്ഷമായി



തോപ്പുകളും കാടുകളും







എല്ലാ ഉദ്യാനങ്ങളും




എല്ലാ കലാവസ്തുക്കളും നശിപ്പിക്കപ്പെട്ടു




ആണുങ്ങളും പെണ്ണുങ്ങളും കുട്ടികളും
മൃഗങ്ങളേക്കാൾ മോശമായി




മോഹഭംഗം വന്ന, നിരാശരായ
നായ്ക്കൾ, അധഃപതിച്ച
യജമാനൻമാരെ വിട്ടുപോയി




ചണ്ട് ഭൂമി അടക്കിവാണിരുന്നവർ മുയലുകളെ
ളെ പോലും ഭയപ്പെട്ടു.




പുസ്തകങ്ങൾ, ചിത്രങ്ങൾ, പാട്ട് എല്ലാം
തിരോധാനം ചെയ്തു. മനുഷ്യജീവികൾ വെറുതെയിരുന്നു
ഒന്നും ചെയ്യാതെ.




സംവത്സരങ്ങൾ കടന്നുപോയി.




മരിക്കാതെ ബാക്കിവന്ന ചില ജനറൽമാർ കഴി
ഞ്ഞ യുദ്ധത്തിൽ ആര് ജയിച്ചു ആര് തോറ്റു എ
ന്നതുപോലും മറന്നു




ആൺകുട്ടികളും, പെൺകുട്ടികളും
പരസ്പരം തുറിച്ചുനോക്കി. ഒരു വികാരവും കൂടാ
തെ, പ്രേമം ഭൂമിയിൽ നിന്നും അപ്രത്യക്ഷമായിരുന്നു
.




ഒരുനാൾ ഒരുപെൺകുട്ടി, ലോകത്തിൽ അവശേഷി
ക്കുന്ന അവസാനത്തെ പൂവ് കണ്ടെത്തി. ആദ്യമായ
ാണ് അവൾ പൂവ് കാണുന്നത്



അവൾ മറ്റു മനുഷ്യരോട് പറഞ്ഞു
അവസാനത്തെ പൂവും ചാകാൻ പോവുകയാണ്




അവിടെ അലഞ്ഞുതിരിഞ്ഞിരുന്ന ഒരു യുവാവു മാത്രമേ അവളുടെ വാക്കുകൾ ശ്രദ്ധിച്ചുള്ളൂ.




യുവാവും യുവതിയും കൂടി ആ പൂവിനെ ശുശ്രൂഷി
ച്ചു. അത് വീണ്ടും വളരാൻ തുടങ്ങി




ഒരുനാൾ ഒരു തേനീച്ച സന്ദർശകനായി എത്തി. ഒര
ു കൂരിയാറ്റപ്പക്ഷിയും




അതാ രണ്ടുപൂക്കൾ, നാലുപൂക്കൾ
നിരവധി പൂക്കൾ.



വീണ്ടും തോപ്പുകളും കാടുകളും ഉണ്ടായി.




യുവതിക്ക് അണിഞ്ഞൊരുങ്ങാൻ മോഹം തുടങ്ങി




യുവതിയുടെ സ്പർശനം
യുവാവിന് ആനന്ദം പകർന്നു




ലോകത്തിൽ പ്രേമം പുനർജ്ജനിച്ചു



അവരുടെ കുട്ടികൾ ശക്തരും
ആരോഗ്യവാൻമാരും ആയിരുന്നു.
ഓടാനും ചിരിക്കാനും അവർ പഠിച്ചു.




നായ്ക്കൾ മടങ്ങി വന്നു.




കല്ലിൻമേൽ കല്ലുവെച്ച് വീടുകെട്ടാമെന്ന്


യുവാവ് കണ്ടുപിടിച്ചു




താമസമില്ല, എല്ലാവരും വീടുകൾ കെട്ടാൻ തുടങ്ങി.




ഗ്രാമങ്ങളും പട്ടണങ്ങളും
നഗരങ്ങളും ഉയർന്നു വന്നു




സംഗീതം വീണ്ടും പിറന്നു.




പാട്ടുകാരും ജാലവിദ്യക്കാരും




തയ്യൽക്കാരും ചെരുപ്പുകുത്തികളും




ചിത്രകാരൻമാരും കവികളും





കൊല്ലന്മാരും കൊത്തുവേലക്കാരും





പട്ടാളക്കാരും






















ലെഫ്റ്റനന്റുമാരും ക്യാപ്റ്റൻമാരും




ജനറൽമാരും മേജർമാരും



വിമോചകരും ഒക്കെ ഉണ്ടായി




ചിലർ ജീവിക്കാനായി ഒരു ഭാഗത്തേക്ക് പോയി.
മറ്റു ചിലർ ഭാഗത്തേക്കും




താമസിയാതെ താഴവരയിൽ പോയവർ കുന്നുംപു
റത്തേക്ക് പോകാമായിരുന്നു എന്ന് വിചാരിക്കാൻ
തുടങ്ങി.




കുന്നുംപുറത്തേക്ക് പോയവർ താഴ്വരയിൽ
പോകാമായിരുന്നു എന്നും




ദൈവത്തിന്റെ പേരിൽ വിമോചകർ
അതൃപ്തിയുടെ അഗ്നി ആളിക്കത്തിച്ചു.



ലോകം വീണ്ടും യുദ്ധത്തിൽ ഏർപ്പെട്ടു









ഇത്തവണ നാശം പൂർണ്ണമായിരുന്നു




ഒന്നും അവശേഷിച്ചില്ല



ഒരു ആണും



ഒരു പെണ്ണും



ഒരുപൂവും മാത്രം